# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ *297

18/02/2013 - ലെ മറുപടിയ്ക്ക്

## കാർഷിക നയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.എ.റ്റി.ജോർജ്ജ്<br>ശ്രീ.ആർ.സെൽവരാജ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പുതിയ കാർഷിക നയം പ്രഖ്യാപിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | (എ) സംസ്ഥാനത്ത് ഒരു പുതിയ കാർഷിക നയം രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. മുൻ എം.എൽ.എ. ശ്രീ.കെ .കൃഷ്ണൻകുട്ടി അദ്ധ്യക്ഷനായി കാർഷിക നയത്തിന്റെ കരട് പ്രസിദ്ധീകരിക്കുന്നതിനായി സബ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) കൃഷിക്കാരുടെയും കർഷകന്റെയും സംരക്ഷണം ഉറപ്പാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) കാർഷിക വൃത്തിയിൽ നിന്നും വരുമാനം ഉറപ്പാക്കൽ, കർഷക തൊഴിലാളികൾക്ക് മാന്യത ഉറപ്പാക്കൽ, യുവതലമുറയെ കൃഷിയിലേയ്ക്ക് ആകർഷിക്കൽ എന്നീ മുഖ്യലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള കാര്യങ്ങൾക്കായിരിക്കും നയത്തിൽ ഊന്നൽ നൽകുക. കാർഷിക നയത്തിന് അന്തിമ രൂപം നൽകി വരുന്നതേയുള്ളൂ. |

**(സി)** കേന്ദ്ര സർക്കാരിന്റെയും മറ്റ് സംസ്ഥാനങ്ങളുടെയും വിജയ മാതൃകകൾ നയത്തിൽ ഉൾക്കൊള്ളിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദമാക്കുമോ ;

**(സി)** കേന്ദ്രസർക്കാരും മറ്റ് സംസ്ഥാനങ്ങളും നടപ്പിലാക്കി വിജയിച്ച കാർഷിക പരിപാടികൾ നയത്തിൽ ഉൾക്കൊള്ളിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**(ഡി)** ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

**(ഡി)** കമ്മിറ്റി നയരൂപീകരണത്തിന് അഭിപ്രായം സ്വരൂപിക്കുന്നതിനായി കാർഷിക മേഖലയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് കേന്ദ്രസർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ ബോർഡുകൾ, ഓഫീസുകൾ എന്നിവരുടെ തലവൻമാരുമായി സമഗ്രമായ ചർച്ച നടത്തിയിട്ടുണ്ട്. വിവിധ സംസ്ഥാനങ്ങൾ നടപ്പിലാക്കി വരുന്ന പദ്ധതികളെയും പരിപാടികളെയും സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വരുകയും ചെയ്യുന്നുണ്ട്. നയത്തിന് അന്തിമരൂപം നൽകി വരുന്നതേയുള്ളൂ.

സെക്ഷൻ ഓഫീസർ